# വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം!

**താ**പവൈദ്യുതനിലയങ്ങളും ആണവ വൈദ്യുത നിലയങ്ങളും സ്ഥാപിച്ച് വൈദ്യുതിയുണ്ടായാൽ അങ്ങിനെ ഉണ്ടാകുന്ന വൈദ്യുതിയുടെ വില താങ്ങാൻ ഒരുവിധപ്പെട്ടവർക്കൊന്നും കഴിയില്ലെന്നും അത്തരം നിലയങ്ങളുണ്ടാക്കുന്ന മലിനീകരണ - ആരോഗ്യപ്രശ്നങ്ങൾ വലിയൊരു സാമൂഹിക വിപത്തായി മാറുമെന്നും പരിസ്ഥിതി പ്രവർത്തകർ മുമ്പേ ചൂണ്ടിക്കാട്ടിയിരുന്നു. അപ്പോഴൊക്കെ അവരെ കൂക്കിയിരുത്താനും കൊഞ്ഞനം കുത്താനും നടന്ന വികസനവാദികളായ നാട്ടുകാരെല്ലാം ഇപ്പോഴിതാ വൈദ്യുതിനിരക്ക് വർധനക്കെതിരേ സമരത്തിന്റെ വക്കത്താണ്.

എങ്ങനെയും വൈദ്യുതി ഉണ്ടാവട്ടെ, വൈദ്യുതി ഉണ്ടായാൽ വ്യവസായം വരും, അങ്ങിനെ നാടു പുരോഗമിക്കും എന്നായിരുന്നു എല്ലാ ചേട്ടന്മാരും അച്ചായന്മാരും ആണയിട്ടിരുന്നത്. വൈദ്യുതി ഉണ്ടായതുകൊണ്ടു മാത്രമായില്ല, അത് താങ്ങാവുന്ന വിലയ്ക്ക് കിട്ടുകയും വേണം, അല്ലെങ്കിൽ ഉള്ള വ്യവസായവും പോകും എന്ന് ദാ, ഇപ്പോൾ മനസിലായി വരുന്നുണ്ട്. പറഞ്ഞാലറിയാത്ത ഉണ്ണിക്ക് ചൊറിയുമ്പോളറിയും എന്നാണല്ലോ പ്രമാണം.

ഇപ്പോഴത്തെ ഈ റിക്കാർഡ് വൈദ്യുതിചാർജ് വർധന, പതിനെട്ടാംപടിയിലെ ഒന്നാംപടി മാത്രമേ ആകുന്നുള്ളൂ എന്നതാണ് വാസ്തവം. നഷ്ടം വരുത്തി വൈദ്യുതിവിതരണം ചെയ്താൽ തല മൊട്ടയടിക്കുമെന്നാണ് ലോകബാങ്കിന്റെ കൽപന. ഒട്ടേറെ സ്വകാര്യ മേഖലാ സ്ഥാപനങ്ങളുമായി അവരുൽപാദിക്കുന്ന വൈദ്യുതി മുഴുവൻ അവർക്ക് നഷ്ടംവരാത്ത വില കൊടുത്ത് വാങ്ങിക്കൊള്ളാമെന്ന്, കരാറൊപ്പിട്ടതാണ് മറ്റൊരു പുലിവാല്. ഇവരൊക്കെ ഉണ്ടാക്കുന്ന വൈദ്യുതി മൊത്തത്തിൽ എടുത്തുകൊള്ളാമെന്നാണ് കരാറ്. അങ്ങിനെ വരുമ്പോൾ സർക്കാരിന്റെ കീഴിലുള്ള വൈദ്യുതി ഉല്പാദന നിലയങ്ങൾ ഉല്പാദനം കുറയ്ക്കുകയോ നിറുത്തുകയോ വേണ്ടിവരും.

കമ്പനിക്ക് നഷ്ടം വരാത്ത വിലയ്ക്ക് അവരുത്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ വാങ്ങാമെന്ന കരാറും വൈദ്യുതി വില്പനവഴി ലാഭമുണ്ടാക്കിയേ തീരൂ എന്ന ലോകബാങ്ക് നിർബന്ധവും കൂടിയാവുമ്പോൾ എന്താണ് വരാൻപോകുന്നതെന്ന് എല്ലാവർക്കും ഊഹിക്കാമല്ലോ. ഗാർഹിക ഉപഭോക്താക്കൾക്ക് ചാർജ് കുറച്ചുകൊടുത്ത് ആ നഷ്ടം വ്യാവസായിക ഉപഭോക്താക്കളിൽനിന്ന് പിരിച്ചെടുക്കുക എന്ന പരിപാടി ഇനി അധികം മുന്നോട്ട് പോവില്ല. കാരണം, വ്യവസായിക ഉപഭോക്താക്കൾ ഇപ്പോൾതന്നെ പരമാവധി ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്. അപ്പോൾ, അധികം വൈകാതെ ഗാർഹിക ഉപഭോക്താക്കളും വൈദ്യുതിയുടെ 'ശരിവില' അറിയാൻ പോവുകയാണ്.

അടുത്ത അഞ്ചുവർഷത്തിനകം ഒരു യൂണിറ്റ് വൈദ്യുതി വില അഞ്ചു രൂപയ്ക്കടുത്ത് എത്തുമെന്നാണ് ഒരു ഉദ്ദേശകണക്ക്. കറന്റ് ബില്ല് അടയ്ക്കാനാവാതെ ആത്മഹത്യ ചെയ്തവരുടെ ചിത്രങ്ങൾ അധികം വൈകാതെതന്നെ പത്രങ്ങളുടെ ചരമപ്പേജിൽ നമുക്കു കാണാനാകുമെന്നും പ്രതീക്ഷിക്കാം.

**ടി. അനിൽകുമാർ**